# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1765 11.2.2013-ൽ മറുപടിയ്ക്ക്
### കെ.എൽ.ഡി.ബോർഡിലെ സി.എ തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എൻ.ഷംസുദ്ദീൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കെ.എൽ.ഡി.ബോർഡിലെ 13 സി.എ. തസ്തികകളിൽ നിലവിൽ എത്ര പേർ ഉണ്ട് ; അവർ ആരൊക്കെ ; എവിടെയൊക്കെ ജോലിചെയ്യുന്നുവെന്ന് അറിയിക്കുമോ: | എ) | കെ.എൽ.ഡി.ബോർഡിലെ 13 സി.എ.തസ്തികകളിൽ നിലവിൽ ഒരാൾ ജോലി ചെയ്യുന്നു.<br>ശ്രീമതി.ശ്രീലേഖ -ഹെഡ് ഓഫീസ് |
| ബി) | ഇവർ തൽസ്ഥലങ്ങളിൽ ജോലി ചെയ്യാൻ തുടങ്ങിയിട്ട് എത്ര വർഷമായി ; | ബി) | 2004 മുതൽ തൽസ്ഥലത്ത് ജോലിയിൽ തുടരുന്നു. |
| സി) | സർവ്വീസിന്റെ കാര്യക്ഷമതയ്ക്കായി ദീർഘനാൾ ഒരേ സ്ഥലത്ത് ജോലിചെയ്യുന്നവരെ മാറ്റണമെന്ന മാനദണ്ഡങ്ങളിൽ നിന്ന് സി.എ.വിഭാഗത്തെ മാത്രം ഒഴിവാക്കുന്ന രീതിയ്ക്ക് മാറ്റം വരുത്തുമോ;വ്യക്തമാക്കുമോ? | സി) | സി.എ മാരുടെ എല്ലാ ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലിസ്റ്റ് ലഭിച്ചാൽ ഉടൻ തന്നെ നിയമനം നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Seele

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1833 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| തന്റേടംജന്റർ പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ.റ്റി.എൻ. പ്രതാപൻ<br>,, അൻവർ സാദത്ത്<br>,, എ.റ്റി. ജോർജ്<br>,, ലൂഡി ലൂയിസ് | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) തന്റേടം ജന്റർ പദ്ധതിയ്ക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട് . തന്റേടം ജെന്റർപാർക്ക് കോഴിക്കോട് വെള്ളിമാട് കുന്നിൽ ആരംഭിക്കുന്നതിലേയ്ക്കായി 2012 മാർച്ച് 17 ന് തറക്കല്ലിടൽ നിർവ്വഹിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോവുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ എറണാകുളത്തും തിരുവനന്തപുരത്തും ജന്റർപാർക്ക് സ്ഥാപിക്കുന്ന തിനായി ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സമസ്ത മേഖലകളിലേയും സ്ത്രീകളുടെ പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് സ്ഥാപിക്കുന്ന താണ് തന്റേടം ജെന്റർപാർക്ക് . വികസനത്തിന്റെ ലിംഗപരമായ അസമത്വം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. സ്ത്രീപഠനങ്ങൾക്കും പ്രവർത്തനങ്ങൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും ഒരുമിച്ചു ചേരുന്നതിനുള്ള സവിശേഷ ഇടമാണിത്. സ്ത്രീ പ്രശ്നങ്ങൾ പരിഹരിക്കുവാനും സാമൂഹ്യ സുരക്ഷ ഉറപ്പാക്കാനും സഹായകരമായ നയപരിപാടി കളുടെ അടിസ്ഥാനത്തിലാണ് ഈ കൂട്ടായ്മ പ്രവർത്തിക്കുക. സ്ത്രീകൾ മുൻകൈ എടുത്തു കൊണ്ടുള്ള കലാപരവും സാംസ്കാരികവും ബുദ്ധിപരവുമായ പ്രവർത്തനങ്ങൾ സാമൂഹിക, സാമ്പത്തിക രാഷ്ട്രീയ വ്യത്യാസങ്ങൾക്കുപരിയായി ഒരു പൊതു ഇടത്ത് ഏകോപിപ്പിക്കുന്നതാണ് ജെൻഡർ പാർക്ക്. സ്ത്രീകളുടെ സർഗ്ഗാത്മക ബൗദ്ധികശേഷികൾക്ക് ഒന്നിച്ചു ചേരാനുള്ള വ്യത്യസ്തമായ ഒരിടം എന്നതാണ് ടി പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. |
| (സി)പ്രസ്തുത പദ്ധതി വിജയിപ്പിക്കുന്നതിന് വേണ്ടത്ര പ്രചാരണം നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) തന്റേടം ജെന്റർപാർക്കിന്റെ വിജയത്തിനു വേണ്ടി 2012 മാർച്ച് 8 മുതൽ 17 വരെ കോഴിക്കോട് വച്ച് തന്റേടം ജെൻഡർ ഫെസ്റ്റ് സംഘടിപ്പിച്ചിരുന്നു. ഇതുപോലെയുള്ള പ്രചരണ പരിപാടികൾ ഇനിയും ആവിഷ്കരിക്കാൻ ശ്രമിക്കുന്നതാണ്. |
| (ഡി) ഈ പദ്ധതി, സംസ്ഥാനത്തുടനീളം വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) തന്റേടം ജെന്റർപാർക്ക് പദ്ധതി കോഴിക്കോട് കൂടാതെ തിരുവനന്തപുരം, എറണാകുളം ജില്ലകളിലും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ